LIBRARY ARCHIVES Kerala Legislative Assembly

തലസ്ഥാനത്തെ മാലിന്യനിർമ്മാർജ്ജനം

147 (1521) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്തെ മാലിന്യപ്രശ്നം പരിഹരിക്കാൻ കോർപ്പറേഷൻ കഴിഞ്ഞ അഞ്ചു വർഷത്തിനിടെ എത്ര മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ നിർമ്മിച്ചിട്ടുണ്ട്;

(ബി) മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകളുടെ നിർമ്മാണാവശ്യത്തിനായി സർക്കാർ ഈ കാലയളവിൽ എത്ര തുക നല്കിയിട്ടുണ്ട്;

(സി) നിലവിൽ നഗരമാലിന്യം മുഴുവൻ സംസ്കരിക്കുന്നതിനുള്ള സൗകര്യം കോർപ്പറേഷൻ പരിധിയിൽ ലഭ്യമാണോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം നഗരസഭ വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതിയായ ഉറവിടത്തിൽ മാലിന്യ സംസ്കരണമാണ് നടപ്പിലാക്കി വരുന്നത്. ഇതിലേക്കായി പൊതു സംവിധാനമെന്ന നിലയിൽ 200 യൂണിറ്റ് തുമ്പൂർ മൂഴി മാതൃകയിലുള്ള എയ്റോബിക് ബിന്നുകൾ, 50 കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ, 3 ഓർഗാനിക് വേസ്റ്റ് കൺവെർട്ടുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

(ബി) കമ്മ്യൂണിറ്റി ലെവൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് സർക്കാർ സ്ഥാപനങ്ങൾക്ക് സർക്കാർ ശുചിത്വ മിഷൻ വഴി താഴെപ്പറയുന്ന സബ്സിഡി നഗരസഭ മുഖേന നൽകിയിട്ടുണ്ട്.

1. State Information Commission -Rs. 6250
2. State Planning Board -Rs. 6000
3. IMG Thiruvananthapuram -Rs. 60,000

ആകെ 72,250 രൂപ നൽകിയിട്ടുണ്ട്.

(സി) ലഭ്യമല്ല.

പയ്യന്നൂർ നഗരസഭയുടെ കടിവെള്ള പദ്ധതി

148 (1522) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയുടെ കടിവെള്ള പദ്ധതി (യു.ഐ.ഡി.എസ്.എസ്.എം.ററി.) പ്രവൃത്തി ചെയ്ത വകയിൽ എത്ര തുക കരാറുകാർക്ക് കുടിശ്ശിക നൽകാനുണ്ട്;